# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1337 — 21.03.2012 ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) | വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം സംസ്ഥാനവും കേന്ദ്രവും തമ്മിൽ എന്തെങ്കിലും കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; | (എ) | കരാറിൽ ഒപ്പു വച്ചിട്ടില്ല. |
| (ബി) | സഹകരണ വകുപ്പിലും സ്ഥാപനങ്ങളിലും ഇതുപ്രകാരം എന്തെല്ലാം മാറ്റങ്ങളാണ് വരിക എന്ന് വ്യക്തമാക്കുമോ; | (ബി) | കരാറിൽ ഒപ്പു വയ്ച്ചിട്ടില്ലാത്തതിനാൽ സഹകരണ വകുപ്പിലും സഹകരണ സ്ഥാപനങ്ങളിലും യാതൊരു മാറ്റവും വരികയില്ല. |
| (സി) | സഹകരണ നിയമത്തിൽ ഇതുപ്രകാരം ഭേദഗതികൾ ആവശ്യമാണോയെന്നും എന്തെല്ലാം ഭേദഗതികളാണ് ആവശ്യമെന്നും വ്യക്തമാക്കുമോ? | (സി) | വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക പാക്കേജ് അടിസ്ഥാനത്തിലുള്ള ധാരണാപത്രത്തിൽ കേരള സർക്കാർ ഒപ്പു വച്ചിട്ടില്ലാത്തതിനാൽ കേരള സഹകരണ നിയമത്തിൽ ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഭേദഗതികൾ ആവശ്യമില്ല. ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയാണെങ്കിൽ വൈദ്യനാഥൻ കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള മാതൃക സഹകരണ നിയമത്തിന് അനുസൃതമായി കേരള നിയമസഭ, കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. പ്രധാനമായും വായ്പാ സഹകരണ സംഘങ്ങൾക്ക് ബാധകമായ പ്രത്യേക നിയമ വ്യവസ്ഥകൾ ഉൾപ്പെടുത്തി സഹകരണ നിയമത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം ഭേദഗതി വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ട്.<br>1) നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സാമ്പത്തിക സേവനങ്ങളും |

ഉപയോഗിക്കുന്നവർക്ക് പൂർണ്ണ അംഗത്വവും വോട്ടവകാശവും നൽകാനുള്ള വ്യവസ്ഥ.

2) സാമ്പത്തിക വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്/രജിസ്ട്രാർക്ക് സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാനുള്ള വ്യവസ്ഥ ഒഴിവാക്കുക.

3) ഏത് ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നതിനുള്ള വ്യവസ്ഥ

4) സർക്കാർ ഓഹരി മൂലധനം 25%മായി പരിമിതപ്പെടുത്താനുള്ള വ്യവസ്ഥ

5) സംസ്ഥാനത്തിൽ സ്വാശ്രയ സഹകരണ നിയമം പാസ്സായിട്ടുണ്ടെങ്കിൽ (Parallel Self Reliant Co-operative Societies Act) നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ടി നിയമത്തിന്റെ പരിധിയിലേയ്ക്ക് മാറുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം.

6) വായ്പ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് തങ്ങളുടെ ഇഷ്ടാനുസരണം ഏത് ഫെഡറൽ/അപ്പക്സ് സ്ഥാപനങ്ങളുമായി അഫിലിയേറ്റ് ചെയ്യുന്നതിനോ അഫിലിയേഷൻ വേണ്ടെന്ന് വയ്ക്കുന്നതിനോ ഉള്ള വ്യവസ്ഥ ഉൾപ്പെടുത്തണം

7) പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ നബാർഡുമായി കൂടിയാലോചിച്ച് മാത്രമേ ഡിവിഡന്റ് നൽകാവൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തണം.

8) സഹകരണ സ്ഥാപനത്തിന്റെ സ്വന്തം ഫണ്ടുകൾ അഭിവൃദ്ധിപ്പെടുത്താനല്ലാതെ മറ്റൊരു ഫണ്ടിലും തുക നൽകാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തണം.

9) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ പിരിച്ചുവിടൽ, ലിക്വിഡേഷൻ എന്നിവയിൽ റിസർവ് ബാങ്കിന് കൂടുതൽ അധികാരം നൽകുന്നതിനുള്ള വ്യവസ്ഥ.

10) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ ഭരണസമിതിയെ

അധികാരത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം.

11) എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും നബാർഡുമായി കൂടിയാലോചിച്ച് പ്രൂഡൻഷ്യൽ നോംസ് ഏർപ്പെടുത്തണമെന്ന വ്യവസ്ഥ

12) സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ സഹകരണ ബാങ്കുകളുടേയും ഭരണ സമിതി അംഗങ്ങളെയോ, ചീഫ് എക്സിക്യൂട്ടീവിനേയോ റിസർവ് ബാങ്ക്/നബാർഡ് നിർദ്ദേശം ലഭിക്കുന്നതനുസരിച്ച് മാറ്റണമെന്നും വ്യവസ്ഥ ഉൾപ്പെടുത്തണം.

13) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ പേരിനോടൊപ്പം ബാങ്ക് എന്ന പദം ഉപയോഗിക്കാൻ പാടില്ലെന്ന വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തണം.

14) വായ്പ സഹകരണ സംഘങ്ങളിൽ കേഡർ സമ്പ്രദായം ഒഴിവാക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം.

15) പൊതുവിതരണം, രാസവളം വിൽപ്പന, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം വിതരണം, വിപണനം എന്നിവ സംബന്ധിച്ച് സംസ്ഥാന സർക്കാരോ സഹകരണ സംഘം രജിസ്ട്രാറോ വായ്പ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകാനുള്ള അധികാരം ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം.

സെക്ഷൻ ഓഫീസർ